നം.ഐസിഡിഎസ്/എ6-12292/2020

വനിത ശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര,തിരുവനന്തപുരം
തീയതി:16.07.2021
ഇ-മെയിൽdirectorate.wcd@kerala.gov.in
ഫോൺ നം.0471-2346534

വനിത ശിശുവികസന ഡയറക്ടർ

എല്ലാ ജില്ലാ വനിത ശിശുവികസന ആഫീസർമാർക്കും

സർ

വിഷയം വനിത ശിശുവികസന വകുപ്പ്-വേണ്ട പദ്ധതി-സ്കൂൾ കൗൺസിലർമാർക്കുള്ള ഓൺലൈൻ പരിശീലനം-Resource Persons നെ നിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന വനിത ശിശുവികസന ഡയറക്ടറുടെ 20-05-2021 തീയതിയിലെ എ6-12292/22020 നം ഉത്തരവ്

National Action Plan for Drug Demand Reduction (NAPDDR) പദ്ധതിയുടെ ഭാഗമായി സ്കൂൾ കുട്ടികൾക്കിടയിൽ ലഹരി വസ്തുക്കളുടെ ദുരുപയോഗം പ്രതിരോധിക്കുന്നതിനും,ലഹരി വസ്തുക്കൾക്ക് അടിമപ്പെട്ടവരെ അതിൽ നിന്ന് മുക്തരാക്കുന്നതിനും Fourth Wave Foundation എന്ന ഏജൻസി മുഖാന്തിരം 84 സ്കൂൾ കൗൺസിലർമാർക്കും, ഐസിപിഎസ് ലെ 36 ജീവനക്കാർക്കും സൂചന പ്രകാരം TOT പരിശീലനം നൽകിയിട്ടുണ്ട്.സ്കൂൾ കുട്ടികൾക്ക് ബോധവൽകരണ നൽകുന്നതിലേക്കായി ജില്ലാ വനിത ശിശുവികസന ആഫീസർമാർ ഓരോ ജില്ലയിലും പരിശീലനം ലഭിച്ച ട്രെയിനർമാരെ RP മാരായി നിയോഗിക്കേണ്ടതും, ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് പരിശീലനം ലഭിക്കാത്ത സ്കൂൾ കൗൺസിലർമാർക്കുള്ള പരിശീലനം പൂർത്തിയാക്കേണ്ടതുമാണ്.

1) ജില്ലാ വനിത ശിശുവികസന ആഫീസർമാർ അവരവരുടെ ജില്ലയിലെ TOT പരിശീലനം ലഭിച്ച സ്കൂൾ കൗൺസിലർമാർ,ഐസിപിഎസിലെ ജീവനക്കാർ എന്നിവരുമായി കൂടിയാലോചിച്ച് ജില്ലയിൽ പരിശീലനം ലഭിക്കാത്ത മുഴുവൻ സ്കൂൾ കൗൺസിലർമാർക്കും പരിശീലനം നൽകുന്നതിന് വേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.
2) പരിശീലന തീയതി,സെഷൻ എന്നിവ TOTമാരുമായി ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതും,ഓരോ ദിവസത്തെ സെഷനിൽ സ്കൂൾ കൗൺസിലർമാരും,ഐസിപിഎസിലെ ജിവനക്കാരും RP മാരായി ഉൾപ്പെടുന്ന രീതിയിൽ ബാച്ചുകൾ ക്രമീകരിക്കേണ്ടതാണ്
3) സ്കൂൾ കൗൺസിലർമാരെ അവരുടെ എണ്ണത്തിന് അനുസരിച്ച് 30 മുതൽ 40 വരെയുള്ള ബാച്ചുകളായി തിരിക്കേണ്ടതും, അനുബന്ധമായി ചേർത്തിരിക്കുന്ന ട്രെയിനിംഗ് ഷെഡ്യൂൾ പ്രകാരം 22.07.2021 ന് ആരംഭിച്ച് ജൂലൈ 31നകം അവസാനിപ്പിക്കാവുന്ന രീതിയിൽ ട്രെയിനിംഗ് ക്രമീകരിക്കേണ്ടതാണ്., ഓരോ ബാച്ചിനും 3 ദിവസം എന്ന ക്രമത്തിൽ രാവിലെ 10.00 മണി മുതൽ 3.00 മണി വരെ പരിശീലനം നൽകേണ്ടതാണ്.
4) TOT പരിശീലനത്തിൽ Fourth Wave Foundation നൽകിയ ആക്റ്റിവിറ്റികളോടൊപ്പം വിഷയവുമായി ബന്ധപ്പെട്ട് മറ്റ് ആക്റ്റിവിറ്റികളും വേണമെങ്കിൽ ഉൾപ്പെടുത്താവുന്നതാണ്.

പരിശീലന സമയത്ത് പരിശീലനാർത്ഥികൾ കൈവശം കരുതേണ്ടുന്ന സാധനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.ആയത് കരുതേണ്ടതും പരിശീലനത്തിനായി കൂടുതൽ സാധനങ്ങൾ ആവശ്യമുണ്ടെങ്കിൽ RPമാരുമായി ചർച്ച ചെയ്ത് തീരുമാനിക്കാവുന്നതുമാണ്.

5) ഗൂഗിൾ മീറ്റ് free version ആയതിനാൽ ഓരോ ദിവസവും രാവിലെ 10.0,0 മുതൽ 12.30 വരെയുള്ള സെഷനും, ഉച്ചയ്ക്ക് 1.30 മുതൽ 3.30 വരെയുള്ള സെഷനും പ്രത്യേകം ലിങ്ക് create ചെയ്യേണ്ടതും പരിശീലനം ആരംഭിക്കുന്നതിന് മുൻപായി ജില്ലാ വനിത ശിശുവികസന ആഫീസർമാർ RPമാർക്ക് നൽകേണ്ടതുമാണ്.
6) പരിശീലനത്തിന് നിയോഗിച്ചിട്ടുള്ള RPമാർ ജില്ലാ വനിത ശിശുവികസന ആഫീസുകളിൽ ഹാജരായി ഓൺലൈൻ പരിശീലനം നടത്തേണ്ടതും,അതിനാവശ്യമായ ക്രമീകരണങ്ങൾ അതാത് ജില്ലാ ആഫീസർമാർ ഏർപ്പെടുത്തേണ്ടതുമാണ്.
7) പരിശീലനത്തിന് നിയോഗിച്ചിട്ടുള്ള സ്കൂൾ കൗൺസിലർമാർ അവരവർക്ക് നിശ്ചയിച്ച് നൽകുന്ന ദിവസങ്ങളിൽ സമയക്ലിപ്തത പാലിച്ച് അതാത് ഐസിഡിഎസ് ഓഫീസുകളിൽ എത്തി പരിശീലനത്തിൽ പങ്കെടുക്കേണ്ടതാണ്.ആയതിനുള്ള ക്രമീകരണം സിഡിപിഒമാർ ഏർപ്പെടുത്തേണ്ടതാണ്.
8) പരിശീലനത്തിനായി നിയോഗിച്ചിട്ടുള്ള സ്കൂൾ കൗൺസിലർമാർ, പരിശീലനത്തിന്റെ ഗൗരവം ഉൾക്കൊണ്ട് സമയ ക്ലിപ്തത പാലിച്ച് പരിശീലന പരിപാടിയിൽ ആദ്യാവസാനം പങ്കെടുക്കുന്നുണ്ടെന്ന് PO,DCPO എന്നിവർ ഉറപ്പുവരുത്തേണ്ടതാണ്.
9) ഓൺലൈൻ പരിശീലനത്തിൽ പങ്കെടുക്കുന്ന എല്ലാ ജീവനക്കാരുടെയും വീഡിയോ പരിശീലനത്തിൻ ആദ്യാവസാനം വരെ ഓൺ പൊസിഷനിൽ തന്നെ ആയിരിക്കണം.
10) സ്കൂൾ കുട്ടികൾക്ക്/പീർ എഡ്യുക്കേറ്റർ വോളൻറിയർമാർക്ക് ഇതു സംബന്ധിച്ച ബോധവൽകരണം/പരിശീലനം നൽകുന്നതിനായി പരിശീലനം ലഭിച്ച സ്കൂൾ കൗൺസിലർമാർ ആക്ഷൻ പ്ലാൻ തയ്യാറാക്കി ശിശുവികസന പദ്ധതി ആഫീസർമാർക്ക് സമർപ്പിക്കേണ്ടതാണ്.
11) സിഡിപിഒമാർ ആക്ഷൻ പ്ലാനുകൾക്ക് ജില്ലാ വനിത ശിശുവികസന ആഫീസർമാരുടെ അംഗീകാരം വാങ്ങിയതിനുശേഷം സ്കൂൾ മേധാവികളുമായി ചർച്ച ചെയ്ത് അംഗീകരിച്ച ആക്ഷൻ പ്ലാൻ പ്രകാരം സ്കൂൾ കുട്ടികൾക്ക് പരിശീലനം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.
12) പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നത് കോവിഡ് പ്രോട്ടോക്കോൾ പാലിച്ചായിരിക്കണം.

ഈ പരിശീലനത്തനായി നിയോഗിച്ചിട്ടുള്ള RPമാർ ട്രെയിനിഗ് ഷെഡ്യൂൾ പ്രകാരം പരിശീലനം നടത്തുന്നുണ്ടെന്നും,ട്രെയിനിംഗ് സമയബന്ധിതമായി പൂർത്തിയാക്കുന്നുണ്ടെന്നും ,എല്ലാ കൗൺസിലർമാർക്കും ട്രെയിനിംഗ് ലഭിച്ചിട്ടുണ്ടെന്നും, ജില്ലാ വനിത ശിശുവികസന ആഫീസർ ഉറപ്പുവരുത്തേണ്ടതാണ്., ജില്ലാ വനിത ശിശുവികസന ആഫീസർമാർ പരിശീലനത്തിൽ പങ്കെടുത്ത സ്കൂൾ കൗൺസിലർമാരുടെ feedback ക്രോഡീകരിച്ച് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ഒപ്പ്

വനിത ശിശുവികസന ഡയറക്ടർക്ക് വേണ്ടി

**SOPHY JACOB**
**PEN 457974**
**Assistant Director**
**Women and Ch... Department**

പകർപ്പ്

എല്ലാ പ്രോഗ്രാം ആഫീസർമാർക്കും.

| Requirements for the Session | Quantity |
|---|---|
| Full charged gadgets (Phone/ laptop) | 1 |
| Earphones (optional) | 1 |
| Paper (A4 size) | 10 |
| Sewing Needle & Thread | 1 |
| Pen | 1 |
| Sharpened Pencil | 1 |
| Note book / Writing pads | 1 |
| Colour pencils pack/ Sketch pens pack | 1 |
| Handbook (soft copy) | 1 |

Capacity Building Program,Department of Women and Child Development,Project VENDA

Training Schedule

**Day 1**

| Date | Time | Topics | Name of RP |
|---|---|---|---|
| | 10.00-10.30 | International and Kerala Context;Addiction;Project VENDA;Relevance of Capacity Building Program | |
| | 10.30-11.00 | United Nations Convention on the Rights of the child;Article33 | |
| | 11.00-11.15 | Tea Break | |
| | 11.15-12.00 | Role of Teachers & counsellors in early intervention,care and prevention | |
| | 12.00-12.30 | School,classroom,community and home infleunces | |
| | 12.30-13.30 | Lunch Break | |
| | 13.30-14.30 | Addiction Science | |
| | 14.30-15.30 | Child related issues leading to addiction and abuse | |
| **Day 2** | | | |
| | 10.00-11.15 | Positive Strength Based Approach while working with children | |
| | 11.15-11.30 | Tea Break | |
| | 11.30-12.15 | Guidelines for intervention, care, and treatment | |
| | 12.15-13.00 | Interaction session | |
| | 13.00-14.00 | Lunch Break | |
| | 14.00-14.45 | Managing drug-related incidents | |
| | 14.45-15.30 | Myths and facts about using narcotics and drugs | |
| **Day3** | | | |
| | 10.00-11.00 | Prevention approaches-Peer led intervention, Community participation, Alternative pursuits | |
| | 11.00-11.15 | Tea Break | |
| | 11.15-12.00 | Gender specific and age appropriate approach to intervention, care and treatment | |
| | 12.00-12.30 | Use of Handbook-Implementation of learning outcomes and planning | |
| | 12.30-13.30 | Lunch Break | |
| | 13.30-14.15 | Children matter | |
| | 14.15-15.00 | Valedictory | |